കവർസ്റ്റോറി

എ.ആർ

# ക്യാപിറ്റലിസ്റ്റ് സോഷ്യലിസ്റ്റ് ബദൽ

**'വിദേശത്ത്** നിന്നായാലും സ്വദേശത്ത് നിന്നായാലും മൂലധനം വരണം. സോഷ്യലിസം വിദൂര ലക്ഷ്യമാണ്. അത് പാർട്ടിയുടെ രാഷ്ട്രീയ അജണ്ടയാണ്. ഇക്കാര്യം പാർട്ടി രേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഭാവിയിലേക്കുള്ള വികസനത്തിന് മുതലാളിത്തം തന്നെയാണ് പ്രായോഗികം' - സി.പി.എം സംസ്ഥാന സെക്രട്ടറിയേറ്റ് യോഗത്തിനുശേഷം മുതിർന്ന നേതാവും മുൻ പശ്ചിമബംഗാൾ മുഖ്യമന്ത്രിയുമായ ജ്യോതിബസു നടത്തിയ ഈ പരാമർശം (*മാധ്യമം,* 2008 ജനുവരി 6) വൻ വിവാദമാണ് രാജ്യത്ത് ഉയർത്തിയത്. സി.പി.എമ്മിന്റെ പ്രതിയോഗികൾ മാത്രമല്ല ഇടതുമുന്നണി ഘടകങ്ങളായ സി.പി.ഐ, ആർ.എസ്.പി, ഫോർവേഡ് ബ്ലോക് കക്ഷികൾ കൂടി ബസുവിന്റെ പ്രസ്താവനയെ വിമർശിച്ചപ്പോൾ പാർട്ടി ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ടിന് രംഗത്തുവരേണ്ടി വന്നു. ബസുവിനെ മാധ്യമങ്ങൾ തെറ്റായി ഉദ്ധരിച്ചു എന്നു കുറ്റപ്പെടുത്തിയ കാരാട്ടും പക്ഷേ, മുതിർന്ന നേതാവിന്റെ പ്രസ്താവന തിരുത്തുകയല്ല, ന്യായീകരിക്കുകയാണ് ചെയ്തത്. മുതലാളിത്തപാത പിന്തുടരുന്ന ഇന്ത്യയിൽ രണ്ടോ മൂന്നോ സംസ്ഥാനങ്ങളിൽ മാത്രം അധികാരം കൈയാളുന്ന കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് സോഷ്യലിസം നടപ്പാക്കാനാവില്ലെന്ന വസ്തുതയാണ് സി.പി.എം നേതൃത്വം ചൂണ്ടിക്കാട്ടുന്നത്. വികസനത്തിന് സ്വദേശ-വിദേശ മൂലധനം കൂടിയേ കഴിയൂ എന്ന ന്യായം ഇതിന് പിൻബലമായുണ്ട്. ഈ യാഥാർഥ്യബോധത്തെയും പരിമിതികളെയും അംഗീകരിച്ചുകൊണ്ടുതന്നെ ഉയരുന്ന മൗലികമായ ചില ചോദ്യങ്ങളാണ് നമ്മെ സംബന്ധിച്ചേടത്തോളം ചർച്ചാ വിഷയം. നേരത്തേ ബുദ്ധദേവ് ഭട്ടാചാര്യയും ഇപ്പോൾ ജ്യോതിബസുവും മുതലാളിത്തത്തെ താൽകാലികമായി പൊറുപ്പിക്കാൻ ചൂണ്ടിക്കാട്ടുന്ന കാരണങ്ങൾ മാർക്സിസ്റ്റ് പരിപ്രേക്ഷ്യത്തിൽ ശരിയാണെന്നുതന്നെ സമ്മതിച്ചാലും പ്രസക്തമാവുന്നതാണ് ആ ചോദ്യങ്ങൾ.

ഒന്ന്, മഹത്തായ ഒക്ടോബർ വിപ്ലവത്തിന് ശേഷം പടിപടിയായി രണ്ടാമത്തെ ലോകശക്തി വരെയായി വളർന്ന സോവിയറ്റ് യൂനിയൻ സോഷ്യലിസം പാടെ ഉപേക്ഷിച്ച് മുതലാളിത്തത്തെ പുണരുകയും സ്വയം ഇല്ലാതാവുകയും ചെയ്തതിനുള്ള സൈദ്ധാന്തിക ന്യായീകരണം എന്താണ്? മാർക്സിസ്റ്റ് വിശകലന രീതിശാസ്ത്രപ്രകാരം, ആദ്യം അടിമത്തം തുടർന്ന് നാടുവാഴിത്തം പിന്നീട് മുതലാളിത്തം അനന്തരം സോഷ്യലിസം ഒടുവിൽ കമ്യൂണിസം എന്ന 'അനിഷേധ്യ ശാസ്ത്രസത്യം' എന്തുകൊണ്ട് പരമാബദ്ധമായി കലാശിച്ചു? സോഷ്യലിസത്തിനുശേഷം മുതലാളിത്തത്തിലേക്കുള്ള തിരിച്ചുപോക്ക് മാർക്സിസത്തിന്റെ സൈദ്ധാന്തികാടിത്തറകളെത്തന്നെ ഇളക്കിമറിച്ചില്ലേ?

രണ്ട്, സാമ്രാജ്യത്വ മുതലാളിത്ത ഉപജാപങ്ങൾക്കിരയായ ഗോർബചേവിനെപ്പോലുള്ള കുലദ്രോഹികളാണ് സോവിയറ്റ് യൂനിയന്റെ പതനത്തിന് ഉത്തരവാദികളെന്ന പതിവ് വ്യാഖ്യാനം നിമിഷനേരത്തേക്ക് മുഖവിലക്കെടുത്താൽതന്നെ, അങ്ങനെയൊരു ഉപജാപവും നടക്കാത്ത ചൈനീസ് ജനകീയ റിപ്പബ്ലിക്ക് വികസനത്തിനും സാമ്പത്തിക വളർച്ചക്കും മുതലാളിത്ത പാത എന്തുകൊണ്ട് തെരഞ്ഞെടുത്തു, അതും നവമുതലാളിത്തം മനുഷ്യചരിത്രത്തിലെ ഏറ്റവും ഭീകര സാമ്പത്തിക സാംസ്കാരികാധിനിവേശത്തിന്റെ ബീഭത്സമുഖം പ്രദർശിപ്പിക്കുന്ന വർത്തമാനകാല സാഹചര്യങ്ങളിൽ?

മൂന്ന്, ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇന്ത്യ ജനാധിപത്യ സേഷ്യലിസം അംഗീകരിച്ച്, തദടിസ്ഥാനത്തിൽ കുത്തകനിയന്ത്രണം നടപ്പിൽ വരുത്തുകയും വിദേശ മൂലധന നിക്ഷേപത്തെക്കുറിച്ച് ചിന്തിക്കുകപോലും ചെയ്യാതെ പൊതുമേഖലക്ക് പരമാവധി പ്രാധാന്യം കൽപിച്ചുകൊടുക്കുകയും ചെയ്ത പരിസരങ്ങളിൽ, കോൺഗ്രസ്സിനെ തത്ത്വാധിഷ്ഠിതമായി പിന്താങ്ങുന്നതിനെപോലും

എതിർത്താണ് ഇ.എം.എസ്, എ.കെ.ജി, ബി.ടി രണദിവെ, സുന്ദരയ്യ, ജ്യോതിബസു ടീം മാതൃപ്രസ്ഥാനത്തെ പിളർത്തി സി.പി.ഐയുടെ ബ്രാക്കറ്റിൽ എം ചേർത്തു വേർതിരിഞ്ഞു പോയത്. സോവിയറ്റ് യൂനിയന്റെ ആശീർവാദമുള്ള നെഹ്റു സർക്കാറിന്റെ നയങ്ങളെ പിന്തുണച്ച കാരണത്താൽ സി.പി.ഐക്ക് വലതു കമ്യൂണിസ്റ്റുകാർ എന്ന അപരനാമവും സി.പി.എം പതിച്ചുനൽകി. അതേ പാർട്ടി ഇപ്പോൾ ഇടതുമുന്നണിയിലെത്തന്നെ ഘടക കക്ഷികളുടെ വിമർശം ഏറ്റുവാങ്ങിക്കൊണ്ട്, മൻമോഹൻ സർക്കാറിന്റെ അറുപിന്തിരിപ്പൻ മുതലാളിത്ത സാമ്പത്തിക നയങ്ങളുടെ മറവിൽ സോഷ്യലിസത്തെത്തന്നെ തത്കാല അജണ്ടയിൽനിന്ന് മാറ്റി വെച്ച് അത് ദീർഘദൂര ലക്ഷ്യം മാത്രമാണെന്ന് വാദിക്കുന്നതിലെ വൈരുധ്യത്തെ എങ്ങനെ ന്യായീകരിക്കും?

മുതലാളിത്തത്തെ വിപ്ലവപാതയിൽ ഒരനിവാര്യഘട്ടമായി മാർക്സിസം അംഗീകരിച്ചിട്ടുള്ളതാണെന്നും സോഷ്യലിസം പിന്നീടേ വരികയുള്ളൂ എന്നുമുള്ള അച്ചടിച്ച മറുപടിയാണ് വിമർശനത്തിന് സി.പി.എം നേതാക്കൾ നൽകുന്നത്. പക്ഷേ, മുതലാളിത്തത്തെ ഒരനിവാര്യ തിന്മയായി അംഗീകരിക്കുകയല്ല; പകരം, അതേ പ്രായോഗികമാവൂ എന്ന് ചൂണ്ടിക്കാട്ടി സോഷ്യലിസമെന്ന ലക്ഷ്യംതന്നെ അനിശ്ചിതമായി മാറ്റിവെക്കുകയും പകരം നിർബന്ധിതാവസ്ഥയുടെ പേരിൽ മുതലാളിത്തത്തിന് കീഴടങ്ങുകയുമാണിവിടെ സംഭവിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ ഒന്നൊന്നായി വിറ്റൊഴിക്കുകയോ പൂട്ടിയിടുകയോ ചെയ്യുന്ന കേന്ദ്ര സർക്കാർ സമീപനത്തെ ഫലപ്രദമായി എതിർക്കാൻ സി.പി.എമ്മിന് സാധിക്കുന്നില്ല. അതേസമയം പ്രത്യേക സാമ്പത്തിക മേഖല(SEZ) പോലുള്ള പദാവലികളുടെ മറവിൽ സമൂഹത്തിന്റെ താഴെത്തട്ടിൽ കഴിയുന്നവരുടെ തുണ്ടുഭൂമിപോലും ബലാൽക്കാരം ഒഴിപ്പിച്ചെടുത്ത് ബഹുരാഷ്ട്ര കുത്തകകൾക്ക് പതിച്ചുനൽകുന്നു ഇടതു സർക്കാറുകൾ. സി.പി.എം പരസ്യമായി മാപ്പ് പറയേണ്ടി വന്ന നന്ദിഗ്രാം ഓപറേഷൻ ഉദാഹരണം. വികസനമാർഗത്തിലെ വിഘ്നങ്ങളായി മുതലാളിത്തവും മൂലധനശക്തികളും കാണുന്ന പ്രാന്തവൽകൃത ജനവിഭാഗങ്ങളെ ഉന്മൂലനം ചെയ്യുന്ന പ്രക്രിയയിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനവും സർക്കാറും പങ്കാളികളാവുന്ന സ്ഥിതിവിശേഷമാണ് പ്രശ്നം. ജ്യോതിബസു തന്റെ പിൻഗാമി ബുദ്ധദേവ് ഭട്ടാചാര്യയെ ന്യയീകരിക്കേണ്ടിവന്ന സാഹചര്യവും മുതലാളിത്തത്തിലേക്കുള്ള കൂപ്പുകുത്തലാണ്. കേരളത്തിൽ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ മൂന്നാറിൽ ടാറ്റ കൈയേറിയ ഭൂമി തിരിച്ചുപിടിക്കാൻ ഒരുങ്ങിയപ്പോൾ ചെറുത്തു തോൽപിക്കാൻ സി.പി.എം-സി.പി.ഐ നേതൃത്വങ്ങൾ രംഗത്തിറങ്ങിയതും യാദൃച്ഛികമല്ല.

ഇതിന്റെ മറുവശം വികസനം വേണ്ടെന്നോ വ്യവസായങ്ങൾ സ്ഥാപിക്കേണ്ടതില്ലെന്നോ അല്ല. എല്ലാം സ്റ്റേറ്റുടമസ്ഥതയിൽതന്നെ വേണമെന്ന അപ്രായോഗിക ശാഠ്യവും അല്ല. സ്വദേശീയ വിഭവങ്ങളെയും സാധ്യതകളെയും പരമാവധി പ്രയോജനപ്പെടുത്തി വികസന രൂപരേഖ തയാറാക്കുകയും, അവശ്യഘട്ടങ്ങളിൽ ഉപാധികളോടെ സ്വകാര്യപങ്കാളിത്തത്തെ അംഗീകരിക്കുകയും ചെയ്യുക എന്ന സന്തുലിത നയം സ്വീകരിക്കുന്നതിൽ മൂന്നുപതിറ്റാണ്ട് കാലത്തെ ഭരണ പരിഷ്കരണത്തിന് ശേഷവും പാർട്ടി പരാജയപ്പെട്ടു എന്നതാണ് പ്രധാനം. അതായത്, ഒന്നുകിൽ കൊടും ചൂഷക മുതലാളിത്തം അല്ലെങ്കിൽ തീവ്ര കമ്യൂണിസം എന്ന ധ്രുവീകരണ പാതയിൽനിന്ന് മാറി പ്രായോഗികവും കാലോചിതവും മിതവാദപരവുമായ ഒരു ബദൽ സോഷ്യലിസ്റ്റ് രീതി ആവിഷ്കരിക്കാൻ ഇന്ത്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് നാളിതുവരെ സാധിച്ചിട്ടില്ല. ഇനിയത് സാധിക്കുമെന്ന് പ്രതീക്ഷിക്കാനും നിർവാഹമില്ല. എന്തുകൊണ്ട്?

മുതലാളിത്തം ഒരു കേവല സാമ്പത്തിക ക്രമം എന്നതിനപ്പുറം സമഗ്രസംസംസ്കാരവും ജീവിത ശൈലിയുമായി മാറിയ സാഹചര്യങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്താനോ അതിന്റെ നീരാളിപ്പിടുത്തത്തിൽനിന്ന് സ്വന്തം അണികളെപ്പോലും മോചിപ്പിക്കാനോ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് സാധിച്ചില്ല. പകരം, ഇന്ന് മുതലാളിമാർ ആസ്വദിക്കുന്നതൊക്കെയും നാളെ തൊഴിലാളികൾക്ക് അവകാശപ്പെട്ടതും ലഭ്യമാക്കേണ്ടതുമാണെന്ന സങ്കൽപമാണ് തൊഴിലാളിവർഗ പ്രസ്ഥാനത്തെ നയിച്ചത്. അതിനാൽ ബൂർഷ്വാ വിരുദ്ധ പ്രസ്ഥാനമെന്ന പ്രതിഛായക്കു പകരം മുതലാളിമാരോട് അസൂയയും അവരെപ്പോലെ ആകാത്തതിൽ അക്ഷമയുമുള്ള ഒര സ്വസ്ഥസമൂഹമാണിവിടെ വളർന്നത്. പരമ്പരാഗത നൈതിക ധാർമിക മൂല്യങ്ങളെ മൗലികമായി നിരാകരിച്ച ഏത് കേവല ഭൗതിക പ്രസ്ഥാനത്തിനും അനിവാര്യമാവുന്നത് തന്നെയാണീ പതനം. സോവിയറ്റ് യൂനിയന്റെ തിരോധാനത്തിന് വഴിവെച്ച മൂലകാരണങ്ങൾ വിശകലനം ചെയ്തുകൊണ്ട് പ്രഥമ കമ്യൂണിസ്റ്റ് രാഷ്ട്രത്തിന്റെ ഒടുവിലത്തെ പ്രസിഡന്റ് മിഖായേൽ ഗോർബച്ചേവ് കലവറയില്ലാതെ അനാവരണം ചെയ്ത വസ്തുത തന്നെയാണിത്.

*'നിർഭാഗ്യവശാൽ ഇതുകൊണ്ടെല്ലാമായില്ല. ഞങ്ങളുടെ ജനതയുടെ ആശയപരവും ധാർമികവുമായ മൂല്യങ്ങളിലും ക്രമേണ ചോർച്ചയുണ്ടാവാൻ തുടങ്ങി. വളർച്ചയുടെ തോത് കുത്തനെ ഇടിയുകയാണെന്നും ഗുണനിയന്ത്രണത്തിന്റെ സംവിധാനമാകെ ശരിയായി പ്രവർത്തിക്കുന്നില്ലെന്നും ഏതൊരാൾക്കും വ്യക്തമായിരുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും നേട്ടങ്ങളെ സ്വീകരിക്കുന്നതിലും വൈമനസ്യമുണ്ടായി. ജീവിത നിലവാരത്തിലെ അഭിവൃദ്ധി മന്ദഗതിയിലായി. ഭക്ഷ്യ പദാർഥങ്ങളുടെ ലഭ്യതയിലും പാർപ്പിട സൗകര്യങ്ങളിലും ഉപഭോക്തൃ സാധനങ്ങളിലും സേവനതുറകളിലും വിഷമതകൾ വളർന്നുവന്നു.....*

*പൊതു ധാർമിക മൂല്യങ്ങൾ ക്ഷയിക്കാൻ തുടങ്ങി. വിപ്ലവത്തിന്റെയും ആദ്യപഞ്ചവത്സര പദ്ധതികളുടെയും മഹത്തായ ദേശാഭിമാന യുദ്ധത്തിന്റെയും യുദ്ധാനന്തര പുനരുദ്ധാരണത്തിന്റെയും വീരോചിതമായ നാളുകളിൽ ഊട്ടി വളർന്നു*

*വന്ന അന്യോന്യമുള്ള ഐക്യ ദാർഢ്യം എന്ന മഹത്തായ വികാരം ദുർബലമായിക്കൊണ്ടിരുന്നു; മദ്യപാനാസക്തിയും മയക്കുമരുന്നിനോടുള്ള വിധേയത്വവും കുറ്റകൃത്യങ്ങളും വർധിക്കാൻ തുടങ്ങി. തങ്ങൾക്കന്യമായ ജനക്കൂട്ട സംസ്കാരത്തിന്റെ നുഴഞ്ഞുകയറ്റം ആഭാസത്തരവും അധമമായ അഭിരുചികളും വളർത്തി. പ്രത്യയശാസ്ത്രപരമായ വന്ധ്യത വർധിച്ചു.*

*ഭരണ തലങ്ങളിൽ ചിലതിൽ നിയമത്തോടുള്ള അവമതിപ്പ് ഉരുത്തിരിയുകയും കണ്ണിൽ പൊടിയിടുകയും കൈക്കൂലിയും വിധേയത്വവും പാടിപ്പുകഴ്ത്തലും പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്തു. വിശ്വാസവും ഉത്തരവാദിത്തവും നേടിയിരുന്ന ആളുകൾ അധികാര ദുർവിനിയോഗം നടത്തി. വിമർശനങ്ങളെ അടിച്ചമർത്തി. അവിഹിതമായി വലിയ സ്വത്ത് സമ്പാദിച്ചു. ചില കേസ്സുകളിൽ ക്രിമിനൽ കൃത്യങ്ങളിൽ പങ്കാളികളാവുകയും ചെയ്തു. ഈ പെരുമാറ്റങ്ങൾ അധ്വാനിക്കുന്ന ജനങ്ങൾക്കിടയിൽ ന്യായമായും രോഷം വളർത്തി.*

*സാമൂഹിക കാര്യങ്ങളിൽ ആളുകൾക്കുള്ള താൽപര്യം നഷ്ടപ്പെടുകയാണെന്നും അധ്വാനത്തിന് പഴയ മാന്യമായ പദവി ഇല്ലാതായിട്ടുണ്ടെന്നും ആളുകൾ, പ്രത്യേകിച്ചും ചെറുപ്പക്കാർ എന്തു ചെയ്തും ലാഭമുണ്ടാക്കാൻ പരക്കം പായുകയാണെന്നും നേരും നെറിയുമുള്ള എല്ലാവരും കടുത്ത വികാരത്തോടെ കണ്ടു.*

(പെരിസ്ട്രോയിക്ക, മലയാളം പതിപ്പ്. പുറം 14,15,16,17,19. പ്രസാ: പ്രഭാത് ബുക്ഹൗസ്).

ചരിത്രത്തിന്റെ തനിയാവർത്തനമാണ് ഇന്ത്യയിലും വിശിഷ്യാ പശ്ചിമബംഗാളിലും കേരളത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാവാൻ നിത്യക്കാഴ്ചകൾ ധാരാളം മതി. നേതാക്കളുടെ രമ്യഹർമ്യങ്ങൾ, മക്കളുടെ വിദേശ പഠനം, ബിനാമി സാമ്പത്തിക ഇടപാടുകൾ, വിഭാഗീയതയുടെ സാമ്പത്തിക മാനങ്ങൾ, ഭൂമികൈയേറ്റത്തിലെ പാർട്ടി പങ്കാളിത്തം, സാന്റിയാഗോ മാർട്ടിൻ–ഫാരിസ് അബൂക്കർ പ്രഭൃതികളുമായുള്ള ബന്ധം, ലാവ്‌ലിൻ അഴിമതിക്കേസ്, കുറ്റകൃത്യങ്ങളിൽ കണ്ണൂരിന്റെ ഒന്നാം സ്ഥാനം തുടങ്ങി മുതലാളിത്ത ജന്യ രോഗങ്ങളുടെ പിടിയിലമർന്ന തൊഴിലാളിവർഗ പാർട്ടിയാണ് നമ്മുടെ മുമ്പിൽ. അതിനാൽ ഒരു തിരിച്ചുപോക്ക് അസാധ്യമെന്ന് ബോധ്യപ്പെട്ട നേതൃത്വം മൗലികമായിത്തന്നെ മാറിച്ചിന്തിക്കുന്നു. മുതലാളിത്ത വികസന പാതയെ വാരിപ്പുണരേണ്ടിവരുന്ന സാഹചര്യം അതാണ്. താത്വികമായ മാറ്റങ്ങളോട് പൊരുത്തപ്പെടാനാവാത്ത ഏതാനും 'യാഥാസ്ഥിതികരും മൗലികവാദികളും' മാർഗമധ്യേനിന്ന് തുടച്ചുനീക്കപ്പെടുന്നത് സമയത്തിന്റെ മാത്രം പ്രശ്നമാണ്. ഏറെ താമസിയാതെ ബ്രിട്ടീഷ് ലേബർ പാർട്ടിയെയും മറ്റു യൂറോപ്യൻ നാടുകളിലെ സോഷ്യൽ ഡെമോക്രാറ്റുകളെയും പോലെ ഒരു ക്യാപിറ്റലിസ്റ്റ് സോഷ്യലിസ്റ്റ് ബദലിന് ഇന്ത്യയും സാക്ഷ്യം വഹിക്കാൻ പോവുന്നു. ■